മി. സ്പീക്കർ: യെസ്, പ്ലീസ്........ പ്ലീസ്.....ദയവുചെയ്ത് അംഗങ്ങളെല്ലാം അവരവരുടെ സീറ്റുകളിൽ ഇരിക്കണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു. പ്ലീസ്........... പ്ലീസ്.....ഇത് നിയമസഭയാണോയെന്ന് നമുക്കുതന്നെ സംശയം വന്നാൽ പിന്നെ ജനങ്ങളുടെ അവസ്ഥ എന്തായിരിക്കും? ഇന്നലെ അടിയന്തര പ്രമേയത്തിന്റെ ചർച്ചാവേളയിൽ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഒരു പത്രവാർത്ത ക്വാട്ട് ചെയ്തതുമായി ബന്ധപ്പെട്ട് ചില സംശയങ്ങളുണ്ടായിരുന്നു. ഞാൻ ഇന്ന് അതിന്റെ റൂളിംഗ് നൽകാമെന്ന് പറഞ്ഞിരുന്നു.

## റൂളിംഗ്

### ബഹുമാനപ്പെട്ട മന്ത്രിയുടെ പരാമർശം വസ്തുതാപരമല്ലെന്ന ആരോപണം

ഇന്നലെ ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ഒരു കടലാസ് മേശപ്പുറത്ത് വച്ചുകൊണ്ട് നടത്തിയ പ്രസംഗത്തിലെ ഒരു പരാമർശം വസ്തുതാപരമല്ലെന്ന് പ്രതിപക്ഷം ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഇക്കാര്യം പരിശോധിച്ച് റൂളിംഗ് നൽകാമെന്ന് ചെയർ പറഞ്ഞിരുന്നു. ബഹുമാനപ്പെട്ട മന്ത്രി മേശപ്പുറത്ത് വച്ച കടലാസും അദ്ദേഹം സഭയിൽ നടത്തിയ പ്രസംഗവും ചെയർ പരിശോധിച്ചു. 2010 ഡിസംബർ 14–ാം തീയതിയിലെ ന്യൂ ഇന്ത്യൻ എക്സ്പ്രസ് പത്രത്തിലെ മാർക്കറ്റിംഗ് ഫീച്ചറിൽ വന്ന ഒരു പരസ്യത്തിന് അന്നത്തെ മുഖ്യമന്ത്രി നൽകിയ ഒരു സന്ദേശത്തെ

ക്കുറിച്ചാണ് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി തന്റെ പ്രസംഗത്തിൽ പരാമർശിച്ചത്. പ്രസ്തുത പത്രത്തിൽ ടീം സോളാറിനെക്കുറിച്ചുള്ള വിവരണവും അവരുടെ ഒരു പരസ്യവും എനർജി മാനേജുമെന്റ് സെന്റർ ഡയറക്ടറുടെ ഒരു ലേഖനത്തിനുതാഴെ എനർജി മാനേജുമെന്റ് സെന്റർ പ്രത്യേകമായി കൊടുത്തിരുന്ന 2010–ലെ എനർജി കൺസർവേഷൻ അവാർഡ് സംബന്ധിച്ച പരസ്യത്തിലാണ് അന്നത്തെ മുഖ്യമന്ത്രിയുടെ സന്ദേശം വന്നിരിക്കുന്നത്. I congratulate this years award winners for their continued hard work and passion towards energy efficiency എന്ന് സന്ദേശത്തിൽ പറഞ്ഞിരിക്കുന്നത് ആ വർഷത്തെ അവാർഡ് ജേതാക്കളെക്കുറിച്ചാണ്. അവാർഡ് ജേതാക്കളിൽ ടീം സോളാർ ഉൾപ്പെടുന്നതായി കാണുന്നില്ല. ടീം സോളാറിനെക്കുറിച്ചുള്ള വിവരണവും അതിന്റെ പരസ്യവും പത്രത്തിൽ ഗവൺമെന്റ് പരസ്യത്തിന് മുകളിലായി വന്നിട്ടുള്ളത് വായനക്കാരിൽ ടീം സോളാർ ഒരു ഗവൺമെന്റ് അംഗീകൃത ഏജൻസിയാണെന്ന സംശയം ജനിപ്പിക്കാൻ സാധ്യതയുള്ളതായിക്കൂടി ചെയർ വിലയിരുത്തുന്നു.

(ബഹളം........) യെസ്........... ഓർഡർ.....ഓർഡർ....... യെസ്............. സബ്മിഷൻ റദ്ദ് ചെയ്യുന്നു. (ബഹളം...........) നിങ്ങൾ ഇങ്ങനെ ബഹളമുണ്ടാക്കിയാൽ എങ്ങനെയാണ്? പ്ലീസ്..........ഇവിടെ പരാമർശ വിഷയമായ പത്രവാർത്തയുടെ അടിസ്ഥാനത്തിലാണ് എന്റെ റൂളിംഗ്. ഞാൻ കൃത്യമായി റൂളിംഗ് നടത്തിയിട്ടുണ്ട്. ഞാൻ അതിനകത്ത് മുഖ്യമന്ത്രിയുടെ നിലപാടിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ആ വർഷത്തെ അവാർഡ് ജേതാക്കളെക്കുറിച്ചാണ് വാർത്ത വന്നത്. അവാർഡ് ജേതാക്കൾ ടീം സോളാറിൽ ഉൾപ്പെടുന്നതായി കാണുന്നില്ല. മുഖ്യമന്ത്രി ടീം സോളാറിനെക്കുറിച്ച് പറഞ്ഞതായി ചെയർ

കരുതുന്നില്ല. അതാണ് എന്റെ റൂളിംഗിലുള്ളത്. എന്റെ റൂളിംഗ് കൃത്യമാണ്. യെസ്, ......... യെസ്.........(ബഹളം.....) ഇനി ഭാവിയിൽ ചെയറിന്റെ റൂളിംഗ് വേണ്ടായെന്ന് വയ്ക്കാം. ഇതൊന്നും ശരിയല്ല. കൃത്യമായി ഇത് പരിശോധി ച്ചതിനുശേഷം തന്നെയാണ് ചെയർ റൂൾ ചെയ്തത്. യെസ്.......... (ബഹളം.....) സബ്മിഷൻ റദ്ദ് ചെയ്യുന്നു.

**റിപ്പോർട്ട് സമർപ്പണം**

(1) **2012-2013-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ രണ്ടാമത് റിപ്പോർട്ട്**

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേ ഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ ചെയർമാനായ ഞാൻ സമിതിയുടെ 2012–13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നു.

(2) **സബ്ജക്ട് കമ്മിറ്റി XII-ന്റെ റിപ്പോർട്ടുകൾ**

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): സർ, ആരോഗ്യവും കുടുംബക്ഷേമവും സംബ ന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ ചെയർമാനായ ഞാൻ സമിതിയുടെ 2012 –ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടും 2012–13–ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത്

റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കുന്നു.

(3) **പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഇരുപത്തിയൊൻപത് മുതൽ മുപ്പത്തിമൂന്ന് വരെയുള്ള റിപ്പോർട്ടുകൾ**

ഡോ. ടി. എം. തോമസ് ഐസക്കിനുവേണ്ടി (ശ്രീ. ബെന്നി ബെഹനാൻ): സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി അംഗമായ ഞാൻ സമിതിയുടെ ഇരുപത്തിയൊൻപത് മുതൽ മുപ്പത്തിമൂന്ന് വരെയുള്ള റിപ്പോർട്ടുകൾ ചെയർമാനുവേണ്ടി സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

## കാര്യോപദേശക സമിതി റിപ്പോർട്ടിലെ ശുപാർശകൾ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച പ്രമേയം

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, ഇവിടെ സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകാൻ സാധിക്കുന്നില്ല. ഇതിനകംതന്നെ ജൂൺ 17, 18, 19, 20, 24 ജൂലൈ 8 എന്നീ തീയതികളിലെ ബിസിനസ്സുകൾ ചർച്ച കൂടാതെ പാസ്സാക്കേണ്ടി വരികയും ജൂൺ 25 മുതൽ ജൂലൈ 7-വരെ സഭാ സമ്മേളനം നിറുത്തിവയ്ക്കേണ്ടിവരികയും ചെയ്തു. ഇന്നും അതേ നിലപാടുതന്നെയാണ് പ്രതിപക്ഷം സ്വീകരിച്ചിരിക്കുന്നത്. നിയമസഭാ സമ്മേളനം സുഗമമായി നടത്തിക്കൊണ്ടുപോകുന്നതിന് പ്രതിപക്ഷ കക്ഷി നേതാക്കളുമായി ചർച്ച നടത്തിയെങ്കിലും സഹായകരമല്ലാത്ത നിലപാടാണ് അവർ സ്വീകരിച്ചത്. പല പ്രധാനപ്പെട്ട ധനകാര്യ ബിസിനസ്സുകളും ഓർഡിനൻസിനുപകരമുള്ള ഏഴ് ബില്ലുകളും പരിഗണിക്കുന്നതിന് ഉതകുന്ന വിധത്തിലാണ്

കാര്യോപദേശക സമതിതിയുടെ സഭ ഇന്നലെ അംഗീകരിച്ച പതിമൂന്നാമത് റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നത്. ഭരണഘടനാപരമായ അവശ്യ ധനകാര്യ ബിസിനസ്സുകൾ സഭയ്ക്ക് പൂർത്തീകരിക്കേണ്ടതുണ്ട്. സഭയിൽ നിലവിലുള്ള സ്ഥിതിവിശേഷം സഭാ നടപടികൾ സുഗമമായി തുടർന്ന് നടത്തിക്കൊണ്ടുപോകുന്നതിന് സഹായകരമല്ല. അതിനാൽ കാര്യോപദേശക സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ടിലെ സഭ അംഗീകരിച്ച ശുപാർശകൾ ഭേദഗതി ചെയ്ത് 2013-ലെ കേരള ധനകാര്യ ബില്ലും 2013-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കാതെ ഇന്നു തന്നെ പരിഗണനയ്ക്കെടുക്കണമെന്നും അക്കാര്യത്തിനായി കേരള നിയമസഭ യുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 76, 153, **A (5)** ചട്ടങ്ങൾ താൽക്കാലികമായി സസ്പെന്റ് ചെയ്യുന്നതിനും ജൂലൈ 16, 17 എന്നീ തീയതികളിൽ യഥാക്രമം പരിഗണിക്കാനിരുന്ന 2013-14-ലെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളും അതിനെ സംബന്ധിക്കുന്ന 2013-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലും ഇന്നുതന്നെ പരിഗണ നയ്ക്കെടുക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതിനും ഈ സഭ തീരുമാനമെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ....................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.